**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5935** **16-03-2023 - ൽ മറുപടിയ്ക്ക്**

**അതിദരിദ്ര കുടുംബങ്ങളുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അതിദരിദ്ര വിഭാഗത്തിൽപ്പെടുന്ന എത്ര കുടുംബങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | 64006 കുടുംബങ്ങളെയാണ് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ സംസ്ഥാനത്താകമാനം കണ്ടെത്തിയിട്ടുള്ളത്. |
| (ബി) | അതിദരിദ്രരിൽപ്പെട്ട തൊഴിൽ ചെയ്യാൻ കഴിയുന്നവർക്ക് അനുയോജ്യമായ സംവിധാനമൊരുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (ബി) | പരിഗണനയിലുണ്ട്.<br><br>അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളിലെ വ്യക്തികൾക്ക് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നൂറുദിന തൊഴിൽ നൽകുന്നതിനായി തൊഴിൽ കാർഡുകൾ നൽകിയിട്ടുണ്ട്. കൂടാതെ ക്ഷീര വികസന വകുപ്പ് അതിദരിദ്യ കുടുംബങ്ങളിൽ ഉൾപ്പെട്ട വനിതകൾക്ക് കന്നുകാലി വളർത്തലിനുള്ള പ്രോജക്റ്റുകൾ ഏറ്റെടുത്തു നടപ്പിലാക്കി വരുന്നുണ്ട്. കുടുംബശ്രീ മിഷന്റെ സഹായത്തോടെ സ്വയം തൊഴിൽ സംരംഭത്തിലുൾപ്പെടുത്തി തൊഴിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | അതിദരിദ്ര കുടുംബങ്ങൾക്ക് വാസസ്ഥലവും അവകാശ രേഖയും ഉറപ്പുവരുത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ജീവിക്കാൻ മാർഗമില്ലാത്തവരെ ഷെൽട്ടർ ഹോമുകളിൽ സംരക്ഷിക്കുന്നതിന് പദ്ധതിയുണ്ടോയെന്നും വ്യക്തമാക്കാമോ? | (സി) | അതിദരിദ്യ പട്ടികയിൽ ഉൾപ്പെട്ട വീട് ഇല്ലാത്ത 5724 കുടുംബങ്ങളുടെയും വീടും സ്ഥലവും ഇല്ലാത്ത 5616 കുടുംബങ്ങളുടെയും ലൈഫ് ഗുണഭോക്തൃ പട്ടിക പ്രത്യേകം തയ്യാറാക്കി ലൈഫ് 2020 പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് 27/01/2023-ലെ 227/2023/ ത.സ്വ.ഭ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഓരോ കുടുംബത്തിനും അവകാശ രേഖകൾ ലഭ്യമാക്കുന്നതിനായി അവകാശം അതിവേഗം യജ്ഞത്തിലൂടെ റേഷൻ കാർഡ്, ആധാർ കാർഡ്, ഇലക്ഷൻ ഐ.ഡി കാർഡ്, തൊഴിലുറപ്പ് തൊഴിൽ കാർഡ് മുതലായ അവകാശ രേഖകൾ നൽകി വരുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നിലവിലുള്ള ഷെൽട്ടർ ഹോമുകളുടെ വിവരങ്ങൾ ശേഖരിച്ചു |

| | | | |
|---|---|---|---|
| | | | ജില്ലാതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ച്, പുനരധിവാസം ആവശ്യമുള്ള അതിദരിദ്യരെ ഷെൽട്ടർ ഹോമിലേയ്ക്ക് മാറ്റുന്നതിനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നു. ഓരോ ഗ്രാമപഞ്ചായത്ത്/ നഗരസഭാ തലങ്ങളിലും ഓരോ കുടുംബത്തിനും നൽകേണ്ട പിന്തുണാ നടപടികൾ ഉൾപ്പെടുത്തിക്കൊണ്ട് മൈക്രോ പ്ലാനുകൾ തയ്യാറാക്കി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ